പത്രക്കുറിപ്പ്
23/09/2020

## കുടുംബശ്രീ അണുനശീകരണ യൂണിറ്റുകളുടെ സേവനം സർക്കാർ വകുപ്പുകൾക്ക് ടെൻഡർ കൂടാതെ ഉപയോഗിക്കാൻ ഉത്തരവ്

തിരുവനന്തപുരം : കോവിഡ്-19 പടരാതെ തടയുന്നതിന്റെ ഭാഗമായുള്ള അണുനശീകരണ പ്രവർത്തനങ്ങൾ നടത്താനുള്ള ചുമതല ടെൻഡർ നടപടികൾ കൂടാതെ കുടുംബശ്രീ അണുനശീകരണ (ഡിസിൻഫെക്ഷൻ) യൂണിറ്റുകൾക്ക് നൽകാൻ സർക്കാർ ഉത്തരവ് (G.O (Rt) No.1695/2020/LSGD തീയതി, തിരുവനന്തപുരം, 20/09/2020). കൊറോണ വൈറസ് വ്യാപനം തടയുന്നതിൽ അണുനശീകരണ പ്രവർത്തനങ്ങൾ അനിവാര്യമായതിനാൽ ഇതിന് പ്രത്യേക പരിശീലനം നൽകി സംരംഭ മാതൃകയിൽ ടീമുകൾ രൂപീകരിക്കുകയായിരുന്നു കുടുംബശ്രീ. ഇപ്പോൾ സംസ്ഥാനത്ത് 14 ജില്ലകളിലായി 468 പേർക്ക് പരിശീലനം നൽകുകയും 68 സംരംഭ യൂണിറ്റുകൾ രൂപീകരിക്കുകയും ചെയ്തു കഴിഞ്ഞു.

ഈ ഉത്തരവ് പ്രകാരം സർക്കാർ ഓഫീസുകളിൽ ഡിസിൻഫെക്ഷൻ ടീമുകളുടെ സേവനത്തിനായുള്ള നിരക്കുകളും സ്വകാര്യ സ്ഥാപനങ്ങൾ അല്ലെങ്കിൽ വ്യക്തികൾ എന്നിവർക്കുള്ള സേവന നിരക്കും പ്രവർത്തന മാർഗ്ഗ നിർദ്ദേശവുമെല്ലാം നൽകിയിട്ടുണ്ട്. ഉത്തരവ് പ്രകാരമുള്ള സേവന നിരക്ക് താഴെ നൽകുന്നു.

1. അണുനാശിനി തളിക്കൽ പ്രക്രിയ- ദിവസം ഒരു തവണ : സ്ക്വയർ ഫീറ്റിന് 1.85 രൂപ (സർക്കാർ), സ്ക്വയർ ഫീറ്റിന് 2.25 രൂപ (സ്വകാര്യ സ്ഥാപനം/വ്യക്തികൾ).

2. അണുനാശിനി തളിക്കൽ പ്രക്രിയ - ദിവസം രണ്ടുതവണ : സ്ക്വയർ ഫീറ്റിന് 2.45 രൂപ (സർക്കാർ), സ്ക്വയർ ഫീറ്റിന് 3 രൂപ (സ്വകാര്യ സ്ഥാപനങ്ങൾ/ വ്യക്തികൾ).

3. തീവ്ര ശുചീകരണവും അണുനാശിനി തളിക്കലും - ദിവസം ഒരു തവണ : സ്ക്വയർ ഫീറ്റിന് 2.95 രൂപ (സർക്കാർ), സ്ക്വയർ ഫീറ്റിന് 3.45 രൂപ ((സ്വകാര്യ സ്ഥാപനം/ വ്യക്തികൾ).

4. തീവ്ര ശുചീകരണവും അണുനാശിനി തളിക്കലും - ദിവസം രണ്ട് തവണ : സ്ക്വയർ ഫീറ്റിന് 3.75 രൂപ (സർക്കാർ), സ്ക്വയർ ഫീറ്റിന് 4.50 രൂപ (സ്വകാര്യ സ്ഥാപനം/ വ്യക്തികൾ).

5. തീവ്ര ശുചീകരണവും അണുനാശിനി തളിക്കലും ദിവസം ഒരു തവണയും + അണുനാശിനി തളിക്കൽ പ്രക്രിയ ദിവസം ഒരു തവണയും (പരിഗണിക്കാവുന്ന പ്രവർത്തനം) : സ്ക്വയർ ഫീറ്റിന് 3.15 രൂപ (സർക്കാർ), സ്ക്വയർ ഫീറ്റിന് 3.80 രൂപ (സ്വകാര്യ സ്ഥാപനം/വ്യക്തികൾ).

6. വാഹനം അണുവിമുക്തമാക്കൽ :

a. അണുനാശിനി തളിക്കൽ മാത്രം
കാറ്, ജീപ്പ് - 450 രൂപ (സർക്കാർ), 550 രൂപ (സ്വകാര്യ സ്ഥാപനം/വ്യക്തികൾ)

വാൻ, മിനി ബസ് - 950 രൂപ (സർക്കാർ), 1200 രൂപ (സ്വകാര്യ സ്ഥാപനം/വ്യക്തികൾ)
ബസ്, ട്രക്ക് - 1200 രൂപ (സർക്കാർ), 1500 രൂപ (സ്വകാര്യ സ്ഥാപനം/വ്യക്തികൾ).

b. ശുചീകരണവും അണുനാശിനി തളിക്കലും
കാറ്, ജീപ്പ് - 650 രൂപ (സർക്കാർ), 850 രൂപ (സ്വകാര്യ സ്ഥാപനം/വ്യക്തികൾ)
വാൻ, മിനി ബസ് - 1200 രൂപ (സർക്കാർ), 1600 രൂപ (സ്വകാര്യ സ്ഥാപനം/വ്യക്തികൾ)
ബസ്, ട്രക്ക് - 1350 രൂപ (സർക്കാർ), 2000 രൂപ(സ്വകാര്യ സ്ഥാപനം/വ്യക്തികൾ).

കുടുംബശ്രീ സംഘങ്ങൾക്ക് ഫയർ ആൻഡ് റെസ്ക്യൂ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിലാണ് അണുവിമുക്തമാക്കൽ പ്രവർത്തനത്തിനുള്ള ശാസ്ത്രീയമായ പരിശീലനം നൽകിയത്. ഇവർക്ക് സംരംഭ മാതൃകയിൽ ഈ പ്രവർത്തനം നടപ്പാക്കാനുള്ള പരിശീലനം കുടുംബശ്രീ നൽകി. ഓരോ ജില്ലയിലും രൂപീകരിച്ച ഡിസിൻഫെക്ഷൻ ടീമുകളുടെ എണ്ണവും പരിശീലനം നേടിയവരുടെ എണ്ണവും ഈ സേവനം തേടാനായി ബന്ധപ്പെടാനുള്ള നമ്പരുകളും താഴെ നൽകുന്നു.

1. തിരുവനന്തപുരം - 5- 46 (9048503553)
2. കൊല്ലം - 1- 28 (9846562666)
3. പത്തനംതിട്ട - 6- 32 (9645323437)
4. ആലപ്പുഴ- 15- 91 (9645754081)
5. കോട്ടയം - 9- 54 (9074457224)
6. ഇടുക്കി - 4- 20 (9074876440)
7. എറണാകുളം - 3- 14 (9947767743)
8. തൃശ്ശൂർ - 3- 21 (8086673619)
9. പാലക്കാട് - 2- 10 (8943689678)
10. വയനാട് - 6- 42 (8848478861)
11. കോഴിക്കോട് - 2- 19 (9447338881)
12. കണ്ണൂർ - 2- 12 (8848295415)
13. മലപ്പുറം - 1- 6 (9633039039)
14. കാസർഗോഡ്- 9- 73 (9846710746).

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ